## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2900

22-02-2016 ൽ
മറുപടിയ്ക്ക്

### ടെലിവിഷൻ ചാനലുകൾക്ക് സെൻസറിംഗ്

**ചോദ്യം**

ശ്രീ. കെ.എൻ.എ. ഖാദർ

(എ) സംസ്ഥാനത്തെ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന പല സീരിയലുകളും സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെലിവിഷൻ ചാനലുകളിലെ സീരിയലുകളിലെയും പരസ്യങ്ങളിലെയും അശ്ലീല ദൃശ്യങ്ങളും പദപ്രയോഗങ്ങളും നിയന്ത്രിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സെൻസറിംഗ് സംവിധാനം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത രംഗത്ത് സെൻസറിംഗ് സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

(എ) സംസ്ഥാനത്തെ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന ചില സീരിയലുകൾ സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നുണ്ടെന്നുള്ള പരാതികൾ വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) ടെലിവിഷൻ ചാനലുകളിലെ സീരിയലുകളിലെയും പരസ്യങ്ങളിലെയും അശ്ലീല ദൃശ്യങ്ങളും പദപ്രയോഗങ്ങളും നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് സെൻസറിംഗ് സംവിധാനം നിലവിലില്ല. എന്നാൽ പ്രോഗ്രാം കോഡ്, അഡ്വർട്ടൈസിംഗ് കോഡ് എന്നിവ പാലിക്കാത്ത ചാനലുകൾക്കെതിരെയുള്ള പരാതികൾ, കേബിൾ ടി.വി. നെറ്റ് വർക്ക് റെഗുലേഷൻ ആക്ട് 1995-ലെ വ്യവസ്ഥകൾക്ക് വിധേയമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന കേബിൾ ടി.വി. മോണിറ്ററിംഗ് സമിതിയിൽ വച്ച് പരിശോധിച്ച് ടി സമിതിയുടെ ശിപാർശയോടെ കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനേ സംസ്ഥാന സർക്കാരിനു കഴിയൂ.

സെക്ഷൻ ഓഫീസർ